# പതിനാലാം കേരളനിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.2091 — 05.05.2017 ന് മറുപടിയ്ക്ക്.

## കേരള വന വികസന നിധി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.ജോൺ ഫെർണാണ്ടസ് | അഡ്വ. കെ.രാജു<br>(വനവും, മൃഗസംരക്ഷണവും, മൃഗശാലകളും വകുപ്പുമന്ത്രി) |
| (എ) കേരള വന വികസന നിധിയുടെ ഉദ്ദേശ ലക്ഷ്യങ്ങൾ എന്തെല്ലാമെന്ന് വിശദമാക്കാമോ; | (എ) വനോല്പന്നങ്ങളുടെ വില്പനയോടനുബന്ധിച്ച് വില്പനവിലയുടെ 5% ആയി ശേഖരിക്കുന്ന വനവികസന നികുതി, വനങ്ങളുടെവികസനത്തിനും വനഗവേഷണത്തിനും വിനിയോഗിക്കുന്നതിനാണ് കേരള വന വികസന നിധി (കേരള ഫോറസ്റ്റ് ഡെവലപ്മെന്റ് ഫണ്ട് - KFDF)) രൂപവല്ക്കരിച്ചിട്ടുള്ളത്. |
| (ബി) 2011-2016 കാലയളവിൽ ഈ നിധിയിലേക്ക് നിക്ഷേപിച്ച തുക എത്രയെന്ന് വ്യക്തമാക്കാമോ; | (ബി) 2011-16 കാലയളവിൽ കേരള വന വികസന നിധിയിലേക്ക് നിക്ഷേപിക്കപ്പെട്ട തുക ചുവടെ ചേർക്കുന്നു.<br>2011-12 - 10.75 കോടി<br>2012-13 - 11.097 കോടി<br>2013-14 - 15.58 കോടി<br>2014-15 - 16.54 കോടി<br>2015-16 - 14.66 കോടി |
| (സി) ഈ തുക എന്തെല്ലാം പദ്ധതികൾക്കായാണ് വിനിയോഗിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ; | (സി) വനവികസന നിധിയുടെ വിനിയോഗം ചുവടെ ചേർക്കും പ്രകാരമാണ്.<br>1. സോഫ്റ്റ്‌വുഡ് സ്പീഷീസുകളുടേയും, വ്യവസായ അസംസ്കൃത വസ്തുക്കൾക്കായി വിനിയോഗിക്കുന്ന മറ്റ് മരങ്ങളുടേയും നടീലിനും പരിപാലനത്തിനും തൽസംബന്ധമായ അനുബന്ധ പ്രവർത്തനങ്ങൾക്കും - 60%<br>2. വനഗവേഷണത്തിനും അനുബന്ധ പ്രവർത്തനങ്ങൾക്കും - 40%<br><br>1989 ലെ കേരള ഫോറസ്റ്റ് ഡെവലപ്മെന്റ് ഫണ്ട് റൂൾസ് 4-ാം ചട്ടത്തിൽ അനുശാസിച്ചിട്ടുള്ള സംഗതികൾക്കാണ് കേരള വന വികസന നിധിയിൽ നിന്നും ബജറ്റിൽ വക കൊള്ളിച്ചിട്ടുള്ള തുക വിനിയോഗിക്കുന്നത്. |

(ഡി) പ്രസ്തുത തുക വിനിയോഗിച്ച് നടപ്പിലാക്കിയ പദ്ധതികളെയും പരിപാടികളെയും സംബന്ധിച്ച വിവരങ്ങളും വരവ്-ചെലവ് കണക്കുകളും സമർപ്പിക്കുന്നില്ല എന്നുള്ള കംപ്ട്രോളർ & ഓഡിറ്റർ ജനറലിന്റെ കണ്ടെത്തൽ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇതിന്മേൽ സ്വീകരിച്ചിട്ടുള്ള നടപടി എന്തെന്ന് വ്യക്തമാക്കാമോ?

(ഡി) വനവികസന നിധിയുടെ ഓരോ വർഷത്തേയും വരവ്-ചെലവ് കണക്കുകളും നടപ്പിലാക്കിയ പദ്ധതികളുടെ വിവരങ്ങളും സമർപ്പിക്കുന്നില്ല എന്ന കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറലിന്റെ കണ്ടെത്തൽ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പ്രസ്തുത ഓഡിറ്റ് പരാമർശത്തിന് വിശദമായ മറുപടി സമർപ്പിച്ചിട്ടുണ്ട്.

സെക്ഷൻ ഓഫീസർ